
നിശാഗന്ധി
നൃത്തോത്സവം

15-21 ഫെബ്രുവരി , 2024

കനകക്കുന്ന്
തിരുവനന്തപുരം

# കഥകളിമേള 2024



2024 ഫെബ്രുവരി 15 മുതൽ 21 വരെ
കനകക്കുന്ന് കൊട്ടാരം അങ്കണത്തിൽ
എല്ലാ ദിവസവും വൈകുന്നേരം 5.30 മുതൽ

kerala
God's Own Country

കേരള സർക്കാർ



2024 ഫെബ്രുവരി 15 വ്യാഴാഴ്ച
വൈകുന്നേരം 6.00 ന്

# കർണ്ണശപഥം കഥകളി

(രചന : മാലി മാധവൻ നായർ)

കലാമണ്ഡലം വിപിൻ – ദുര്യോധനൻ
കലാമണ്ഡലം അജീഷ് ബാബു – ഭാനുമതി
പ്രൊഫ. കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ – കർണ്ണൻ
കലാമണ്ഡലം ശിബി – ദുശ്ശാസനൻ
പീശപ്പിള്ളി രാജീവൻ – കുന്തി

പാട്ട് : പത്തിയൂർ ശങ്കരൻകുട്ടി
കലാനിലയം രാജീവൻ
ചെണ്ട : കലാമണ്ഡലം കൃഷ്ണദാസ്
കലാമണ്ഡലം ശ്രീരാജ്
മദ്ദളം : കലാമണ്ഡലം രാജ് നാരായണൻ
കലാമണ്ഡലം ഗണേശൻ
ചുട്ടി: മാർഗി ശ്രീകുമാർ
കലാനിലയം വിഷ്ണു

## കഥാസന്ദർഭം

കുരുക്ഷേത്രയുദ്ധം ആസന്നമായിരിക്കുന്നു. ഭയാശങ്കകളുടെ ഈ സന്ദർഭത്തിൽ തന്റെ ഭർത്താവിന് ആപത്തു സംഭവിക്കുമോ എന്ന ഭീതിയും വ്യഥയും ഭാനുമതി ദുര്യോധനനെ അറിയിക്കുന്നതോടെയാണു കഥാരംഭം.

രംഗം 1: ദു:ഖാർത്തയായ ദയിതയെ ദുര്യോധനൻ സാന്ത്വനിപ്പിക്കുന്നു. പരാക്രമശാലികളും മഹാരഥന്മാരുമായ അനേകം ധീരസേനാനികൾ തങ്ങളുടെ പക്ഷത്തുണ്ടെന്നും വിജയം സുനിശ്ചിതമാണെന്നുമുള്ള മൊഴികൾ കേട്ടിട്ടും ഭാനുമതിയുടെ മനസ്സിന്റെ ചഞ്ചലത്വം നീങ്ങുന്നില്ല. അപ്പോൾ അവിടെ കടന്നു വരുന്ന കർണ്ണനോട്, ഭാനുമതിയെ ആശ്വസിപ്പിക്കാൻ ദുര്യോധനൻ പറയുന്നു. ദുര്യോധനനു വേണ്ടി മാത്രമാണു താൻ ജീവിക്കുന്നതെന്ന് കർണ്ണൻ ഉറപ്പു നൽകുന്നു. ആശ്വസിതയായ രാജപത്നി അന്ത:പുരത്തിലേക്കു പോകുന്നു. യുദ്ധത്തിന്റെ തയ്യാറെടുപ്പുകളിൽ മുഴുകിയിരിക്കുന്ന ദുശ്ശാസനൻ പ്രവേശിച്ച് ദുര്യോധനനെ സൈന്യസജ്ജീകരണങ്ങൾ നേരിട്ട് കാണാൻ കൂട്ടിക്കൊണ്ടു പോകുന്നു. കർണ്ണൻ സ്നാനത്തിനായി ഗംഗാ തീരത്തിലേക്കും പോകുന്നു.

രംഗം 2: ഗംഗാതീരത്തെത്തിയ കർണ്ണൻ ആ ദിവ്യനദിയെ നോക്കിക്കാണുന്നു. പിന്നെ സ്നാന കർമ്മാദികൾ കഴിഞ്ഞ് ധ്യാനത്തിൽ മുഴുകുന്നു. പക്ഷെ കർണ്ണന്റെ മനസ്സു നിയന്ത്രണം വിട്ടുപോകുന്നു. ദുര്യോധനന്റെ കാരുണ്യം കൊണ്ട് അംഗരാജാവായ താൻ സൂതപുത്രനോ? രാധയും അധിരഥനും തന്നെയോ തന്റെ മാതാപിതാക്കൾ? യഥാർത്ഥ മാതാപിതാക്കളെ തനിക്കു കാണാനാകുമോ? എന്നിങ്ങനെ വ്യാകുലചിത്തനായിരിക്കുന്ന കർണ്ണന്റെ അരികിലേക്ക് കുന്തീദേവി പ്രവേശിക്കുന്നു. ബദ്ധവൈരികളായ പാണ്ഡവരുടെ മാതാവിനെ ഇങ്ങനെ കണ്ടുമുട്ടിയതിൽ അത്ഭുതാധീനനായ

കർണ്ണൻ അവരുടെ ആഗമന കാരണം ആരായുന്നു. കുന്തി തന്റെ വാഞ്ഛിതം കർണ്ണനെ അറിയിച്ചു. കൗരവരെ വിട്ട് കർണ്ണൻ പാണ്ഡവ പക്ഷത്തേക്കു പോരണമത്രേ. 'ഭവതി ഒരു സ്ത്രീ ആയിപ്പോയതുകൊണ്ട് ഞാൻ വധിക്കുന്നില്ല' എന്നായിരുന്നു കോപാകുലനായ കർണ്ണന്റെ മറുപടി. കുന്തിയാകട്ടെ വിറയാർന്ന ഹൃദയത്തോടെ കർണ്ണന്റെ ജന്മവൃത്താന്തം അറിയിക്കുന്നു. സൂര്യഭഗവാനിൽ നിന്നും തനിക്കു ലഭിച്ച ആദ്യ സന്താനമത്രേ കർണ്ണൻ. തന്റെ ജന്മരഹസ്യം ഈ വിധം കേട്ട് അത്യന്തം വികാരാധീനനായ കർണ്ണനോട് ആ അമ്മ ഗത്യന്തരമില്ലാതെ മകനെ ഉപേക്ഷച്ചതുവരെയുള്ള കഥകളെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. മാതാപിതാക്കളെ തിരിച്ചറിയാൻ കഴിഞ്ഞ സന്തോഷം കൊണ്ട് പുളകിതനാണെങ്കിലും, മാതാവിന്റെ അപേക്ഷ കൈക്കൊള്ളാൻ സത്യവ്രതനായ കർണ്ണനു കഴിയുന്നില്ല. പ്രാണസുഹൃത്തായ ദുര്യോധനനെ ഈ ആപത്സന്ധിയിൽ ഉപേക്ഷിക്കാൻ താൻ തയ്യാറല്ലെന്നു തീർത്തു പറയുന്നു. ദുഃഖാർത്തയായി വീണ്ടും വീണ്ടും കെഞ്ചിയപ്പോൾ ആ പെറ്റമ്മയെ വെറും കൈയ്യോടെ മടക്കി അയയ്ക്കാനും കർണ്ണന്റെ മനസ്സ് അനുവദിച്ചില്ല. പാണ്ഡവരിൽ അർജ്ജുനനെ ഒഴികെ മറ്റാരെയും താൻ വധിക്കില്ലെന്ന് വാക്കുകൊടുത്തു. കുന്തി നിരാശയോടെ മടങ്ങുന്നു.

രംഗം 3: കുന്തികർണ്ണ സമാഗമം ചാരന്മാർ വഴി ഗ്രഹിച്ച ദുശ്ശാസനൻ കർണ്ണനെ സംശയിച്ച് കർണ്ണൻ നമ്മെ ചതിക്കുമെന്നു ദുര്യോധനനോടു പറയുന്നു. ദുര്യോധനൻ അതു തെല്ലും വിശ്വസിക്കുന്നില്ല. എങ്കിലും ഒരു പരീക്ഷണത്തിനായി, ദുര്യോധനൻ വ്യാകുലഭാവത്തോടെ പ്രവേശിക്കുന്ന കർണ്ണനോട്, 'എന്നെ ഉപേക്ഷിച്ച് പാണ്ഡവരുടെ പക്ഷത്തേക്ക് നിനക്ക് ആഗ്രഹം ഉണ്ടെങ്കിൽ പോകാം' എന്നു സ്നേഹത്തോടെ പറയുന്നു. കർണ്ണൻ അതുകേട്ടു നടുങ്ങിപ്പോയി. പ്രാണസുഹൃത്തായ ദുര്യോധനനെ മരണം വരെ താൻ കൈവെടിയുകയില്ല എന്ന കർണ്ണശപഥത്തോടെ കഥ അവസാനിക്കുന്നു.

2024 ഫെബ്രുവരി 16 വെള്ളിയാഴ്ച
വൈകുന്നേരം 5.30 ന്

## കിർമ്മീരവധം (ഉത്തര ഭാഗം) കഥകളി

(രചന : കോട്ടയത്തുതമ്പുരാൻ)

കലാമണ്ഡലം ഹരി ആർ. നായർ – സിംഹിക
മാർഗി വിജയകുമാർ – ലളിത
കലാമണ്ഡലം വിജയകുമാർ – പാഞ്ചാലി
യദുകൃഷ്ണൻ – സഹദേവൻ
കലാനിലയം വിനോദ് – കിർമ്മീരൻ
കലാമണ്ഡലം തുളസി – ഭീമൻ

പാട്ട്: കലാമണ്ഡലം ബാബു നമ്പൂതിരി
കലാമണ്ഡലം ശ്രീജിത്ത്
ചെണ്ട : കലാമണ്ഡലം ശ്രീഹരി
കലാമണ്ഡലം സുധീഷ്
മദ്ദളം: മാർഗി രത്നാകരൻ
കലാനിലയം രാകേഷ്

ചുട്ടി: മാർഗി ശ്രീകുമാർ
കലാനിലയം വിഷ്ണു

## കഥാസന്ദർഭം

പാണ്ഡവരുടെ വനവാസകാലത്ത് ശാർദ്ദൂലൻ എന്ന രാക്ഷസൻ അർജ്ജുനനോടേറ്റുമുട്ടി മരണമടയുന്നു. ശാർദ്ദൂലൻ സിംഹികയുടെ ഭർത്താവാണ്. സിംഹിക കിർമ്മീരന്റെ സഹോദരിയും.

രംഗം 1: സിംഹിക (കരി) തിരനോക്കു കഴിഞ്ഞ് പന്തടിച്ചും കുമ്മിയടിച്ചും കളിച്ചു രസിച്ച്, കുളികളിഞ്ഞ് മുടികോതി, പൊട്ടുതൊട്ട് കണ്ണെഴുതി ഓരോ പ്രാകൃത ചേഷ്ടകൾ കാട്ടി വനത്തിലൂടെ വിഹരിക്കവേ, ഭർത്താവു മരണപ്പെട്ട വാർത്തയറിഞ്ഞ് സന്താപനിമഗ്നയാകുന്നു. തനിക്കേറ്റ ദുർവിധിക്കു കാരണക്കാരായ പാണ്ഡവരോടു പകരം വീട്ടാനുറച്ച്, അവരുടെ പ്രാണവല്ലഭയായ പാഞ്ചാലിയെ സൂത്രത്തിൽ തട്ടിക്കൊണ്ടുപോയി സ്വസഹോദരനായ കിർമ്മീരനു കാഴ്ച വയ്ക്കുക തന്നെ എന്ന് അവൾ തീരുമാനിക്കുന്നു. രാക്ഷസീരൂപം ഉപേക്ഷിച്ച് ലളിതയായി മാറിയ അവൾ പാഞ്ചാലിയെ തേടി യാത്രയാകുന്നു.

രംഗം 2: പാഞ്ചാലി, സിംഹിക (ലളിത) വൻകാട്ടിൽ പാഞ്ചാലിയെ ഏകാകിനിയായിത്തന്നെ കണ്ടെത്തിയതിൽ ലളിതയ്ക്ക് സന്തോഷമായി. സ്നേഹഭാവത്തിൽ അവൾ പാഞ്ചാലിയോട് അനുനയ വാക്കുകൾ മൊഴിഞ്ഞു വശീകരിക്കുന്നു. കുലീനകൾക്ക് ആഗ്രഹസിദ്ധി ലഭിക്കുന്ന ഒരു ദുർഗ്ഗാക്ഷേത്രം അടുത്തുണ്ടെന്നും, അവിടേയ്ക്ക് ദേവീദർശനത്തിനായി തന്റെ കൂടെ വരണമെന്നും ലളിത ആവശ്യപ്പെടുന്നു. പാഞ്ചാലി തടസ്സങ്ങൾ പറഞ്ഞുനോക്കിയെങ്കിലും ലളിതയുടെ സ്നേഹ പൂർണ്ണമായ നിർബന്ധത്തിന് വഴങ്ങുന്നു. ഇരുവരും 'കണ്ടാലതിമോദമുണ്ടായ്വരും' വിപിനാന്തർഭാഗത്തേയ്ക്ക് നടകൊണ്ടു. വനഭംഗികൾ വർണ്ണിച്ചു കേൾപ്പിച്ചുകൊണ്ട് ലളിത മുന്നോട്ടു നീങ്ങവേ, ദു:ശകുനങ്ങൾ കണ്ട് ശങ്കാകുലയും സംഭീതയുമായ പാഞ്ചാലി തിരികെ പോകാനൊരുങ്ങുന്നു. ലളിത തടയുക മാത്രമല്ല തന്റെ യഥാർത്ഥരൂപം കൈക്കൊണ്ട് പാഞ്ചാലിയെ ബലമായി പിടിച്ചു കൊണ്ടുപോകുന്നു. പാഞ്ചാലിയുടെ നിലവിളി കേട്ട് സഹദേവൻ അവിടേക്ക് ഓടിയെത്തി, സ്വപത്നിയെ മോചിപ്പിച്ചിട്ട്, തന്റെ നേരെ ആക്രമണത്തിനൊരുങ്ങിയ സിംഹികയുടെ നാസികാകുചങ്ങൾ ഛേദിച്ച് വിരൂപയാക്കിവിടുന്നു. അലമുറയിട്ടുനിലവിളിച്ചുകൊണ്ട് അവൾ സഹോദര സമീപത്തേക്കുപായുന്നു.

രംഗം 3: കിർമ്മീരൻ, ഭീമൻ കിർമ്മീരൻ തിരനോക്ക് കഴിഞ്ഞ് തന്റേടാട്ടം. പെട്ടെന്ന് അലമുറകേട്ട് എന്താണെന്നു ശ്രദ്ധിക്കുന്നു. നാസികാകുചങ്ങൾ ഛേദിക്കപ്പെട്ട് രക്താഭിഷിക്തയായി പ്രാണവേദനയോടെ അലറിപ്പാഞ്ഞുവരുന്ന സഹോദരിയെ കണ്ട് അമ്പരക്കുന്നു. നടന്ന സംഭവമെല്ലാം സിംഹിക ധരിപ്പിച്ചതു കേട്ടാടി സ്വസഹോദരിയ്ക്ക് അംഗഭംഗം വരുത്തിയ പാണ്ഡവരെ ഹനിക്കുന്നതിനായി കിർമ്മീരൻ സൈന്യസമേതം യാത്രയാകുന്നു. (പടപ്പുറപ്പാട്). കിർമ്മീരന്റെ പോരിനു വിളി. ഭീമസേനൻ പ്രവേശിക്കുന്നു. ഉഗ്ര സംഘട്ടനത്തിൽ ഭീമസേനൻ കിർമ്മീരനെ വധിക്കുന്നു.

2024 ഫെബ്രുവരി 17 ശനിയാഴ്ച
വൈകുന്നേരം 5.30 ന്

# ബാണയുദ്ധം കഥകളി

(രചന: ബാലകവിരാമശാസ്ത്രികൾ)

കലാമണ്ഡലം രവികുമാർ – ബാണൻ 1
കലാമണ്ഡലം ആരോമൽ – ബാണപത്നി, പാർവതി
കലാമണ്ഡലം വിവേക് – ശിവൻ
കലാമണ്ഡലം ഗോപീകൃഷ്ണൻ – ഗണപതി
കലാമണ്ഡലം ശരത് – സുബ്രഹ്മണ്യൻ,അനിരുദ്ധൻ
കലാമണ്ഡലം ഹരിമോഹൻ – നന്ദികേശ്വരൻ
കലാമണ്ഡലം അഭിഷേക് – ഭൂതം
കലാമണ്ഡലം അരുൺകുമാർ – കുംഭാണ്ഡൻ
കലാമണ്ഡലം രാജശേഖരൻ – ചിത്രലേഖ
കലാമണ്ഡലംഅനിൽകുമാർ – ഉഷ
ഡോ. കലാമണ്ഡലം സുദീപ് – ബാണൻ 2
മധു വാരണാസി – വൃദ്ധ

പാട്ട്: കലാമണ്ഡലം ജയപ്രകാശ്
കലാമണ്ഡലം രാജേഷ് ബാബു
കലാമണ്ഡലം അനിൽ രവി
ചെണ്ട : കലാമണ്ഡലം രവിശങ്കർ
കലാമണ്ഡലം ഗണേശൻ
മദ്ദളം: കലാമണ്ഡലം ഹരിഹരൻ
കലാമണ്ഡലം സുധീഷ്
ചുട്ടി: മാർഗി രവീന്ദ്രൻപിള്ള
മാർഗി ശ്രീകുമാർ

## കഥാസന്ദർഭം

രംഗം 1: ബാണൻ തിരനോട്ടം കഴിഞ്ഞ്, ബലവീര്യ പരാക്രമങ്ങൾ ആടിയശേഷം തനിക്ക് ആയിരം കൈകൾ ഉണ്ടായതെങ്ങനെ എന്നതു വിവരിക്കുന്നു. ഒരിക്കൽ ഞാൻ ശിവന്റെ നൃത്തത്തിനു മിഴാവുകൊട്ടി അദ്ദേഹത്തെ സന്തോഷിപ്പിച്ചു. ശിവൻ, എനിക്ക് ആയിരം കൈകൾ ഉണ്ടാകട്ടേ എന്നനുഗ്രഹിച്ചു. ഞാൻ പിന്നെ ആയിരം കൈകൾ കൊണ്ട് ഒരേസമയം അനേകം മിഴാവുകൊട്ടി താളം മുറുക്കി. ശിവൻ ആനന്ദനൃത്തം ചെയ്തു. എന്റെ ആ വാദനത്തിൽ പ്രീതനായ ശിവൻ എന്തുവരവും നല്കാൻ തയ്യാറായി. ഞാനാകട്ടെ, ശിവൻ പാർവതീസമേതനായി ഗണപതിയോടും സുബ്രഹ്മണ്യനോടും ഭൂതഗണത്തോടും കൂടി എന്റെ ഗോപുരം കാത്തു പാർക്കണമെന്ന് അപേക്ഷിച്ചു. ഭക്തവത്സലനായ ഈശൻ അപ്രകാരം അനുഗ്രഹിച്ച് സകുടുംബം എന്റെ ഗോപുരപാലകനായി കഴിയുന്നു. ഇന്ന് എന്നെപ്പോലെ ബലവീര്യാദികൾ തികഞ്ഞവർ ആരുമില്ല.
എന്റെ കരബലം ഭയന്ന് ആരും എന്നെ എതിർക്കാൻ വരുന്നില്ല. തന്മൂലം എന്റെ കൈത്തരിപ്പ് അസഹ്യമായി വർദ്ധിച്ചിരിക്കുന്നു (കൈത്തരിപ്പ് നടിച്ചശേഷം)

എന്നോട് യുദ്ധത്തിന് ആരും വരുന്നില്ലല്ലോ. എന്താണു ചെയ്ക! പോരെങ്കിൽ ശിവൻ ഗോപുരം കാക്കുന്നതു കൊണ്ട് ഒരൊറ്റ ശത്രുവും ഇങ്ങോട്ടു വരില്ല. (വീണ്ടും കൈത്തരിപ്പു നടിച്ച്) ശിവന്റെ അടുക്കൽ ചെന്ന് യുദ്ധത്തിനു വിളിച്ചാലോ എന്ന് ആലോചിക്കുന്നു. കഷ്ടം! അപ്രകാരം ചെയ്തുകൂടാ. എനിക്ക് വേണ്ടുവോളം വരം തന്ന് എന്റെ ഗോപുരം കാത്തുവാഴുന്ന ശിവനെ യുദ്ധത്തിനു വിളിക്കുന്നതു ശരിയല്ല. (വീണ്ടും കൈത്തരിപ്പ്) മറ്റു മാർഗ്ഗമൊന്നും ഇല്ലാത്ത സ്ഥിതിക്ക് ശിവന്റെ അടുക്കൽ തന്നെ ചെന്ന് എന്റെ കൈത്തരിപ്പു തീർക്കാൻ പറയാം. (പോകുന്നു).

രംഗം 2: ശിവൻ, പാർവ്വതി, ഗണപതി, സുബ്രഹ്മണ്യൻ, നന്ദികേശ്വരൻ, ഭൂതം എന്നിവർ കാവലിരിക്കുന്ന ഗോപുര ദ്വാരത്തിൽ ബാണൻ പ്രവേശിച്ച് എടുത്തു കലാശിച്ച്, വട്ടം വച്ചു കയറി ഗോപുരത്തിൽ ചെന്ന് ഓരോരുത്തരെയും നോക്കിക്കണ്ട് അതിൽ നന്ദികേശ്വരനെ നോക്കി, 'ഇതാ ഒരു കുരങ്ങൻ! ഗദയും ചുഴറ്റി, ഗോപുരവാതില്ക്കൽ നില്ക്കുന്നു. ഇവനെ യുദ്ധത്തിനു വിളിക്കുക എന്നു നിശ്ചയിച്ചു വിളിക്കുന്നു. നന്ദി പിന്മാറി. പിന്നെ സുബ്രഹ്മണ്യൻ, ഗണപതി, ഭൂതം, തുടങ്ങി ഓരോരുത്തരെയും യുദ്ധത്തിനു വിളിക്കുന്നു. ഒടുവിൽ ശിവനെയും പാർവതിയെയും കാണുന്നു. ശിവൻ അണിഞ്ഞിരിക്കുന്ന സർപ്പം ഗണപതിയുടെ വാഹനമായ എലിയെ ഭക്ഷിക്കാൻ ആഗ്രഹിക്കുന്നു. ആ സർപ്പത്തെ സുബ്രഹ്മണ്യന്റെ വാഹനമായ മയിൽ തിന്നാൻ ഒരുങ്ങുന്നു. പാർവതിയുടെ വാഹനമായ സിംഹം ആനമുഖനായ ഗണപതിയെ ഭക്ഷിക്കാൻ ഭാവിക്കുന്നു. പാർവതി ശിവന്റെ ജടയിലെ ഗംഗയെ കണ്ട് ഈർഷ്യ ഭാവിക്കുന്നു. ജടയിലെ ചന്ദ്രക്കലയോട് നെററിക്കണ്ണിലെ അഗ്നിക്ക് ഈർഷ്യ. ഈ കലഹമെല്ലാം കണ്ടായിരിക്കാം ശിവൻ വിഷണ്ണനായി വിഷം കുടിച്ചത്. ആകട്ടെ എന്റെ കൈത്തരിപ്പു തീർക്കാൻ ഇദ്ദേഹത്തെത്തന്നെ പോരിനായി വിളിക്കാം (എന്ന ആട്ടം കഴിഞ്ഞ് 'ബാണ നഹമേഷകലയേ' എന്ന പദം ആടിത്തുടങ്ങുന്നു.) ആയതതരങ്ങളായ ആയിരം ബാഹുക്കളുള്ള എനിക്ക് ആയോധനോത്സവം ആടുന്നതിന് ഒരു ശത്രുവില്ല. അങ്ങയോട് യുദ്ധം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു' ബാണന്റെ ഈ വാക്കുകൾ കേട്ട് ശിവൻ, അതിനു സമയമായിട്ടില്ലെന്നും ഈ രാജധാനിയിലെ കൊടിമരം മുറിഞ്ഞു വീഴുന്ന ഒരു ദിനം നിനക്കു കൈത്തരിപ്പു തീർക്കാൻ ശക്തനായ ഒരു എതിരാളി വരുമെന്നും അന്നു നിന്റെ മദം തീരുമെന്നും അരുളിച്ചെയ്തു. (ബാണൻ ആ എതിരാളിയെ കാത്ത് അക്ഷമനായി വസിച്ചു. ഇതിനിടെ ബാണന്റെ പുത്രി ഉഷ വിവാഹപ്രായമെത്തി)

രംഗം 3: പുത്രിയായ ഉഷ യൗവനയുക്തയായിരിക്കുന്നതിനാൽ അവൾക്ക് അനുരൂപനായ ഒരു വരനെ ലഭിപ്പാൻ ഉപായമെന്തെന്ന് ബാണൻ തന്റെ മന്ത്രിയായ കുംഭാണ്ഡനോട് ആലോചിക്കുന്നു.

രംഗം 4: ഉഷ തന്റെ ഇഷ്ടസഖിയായ ചിത്രലേഖയുമൊത്ത് ലീലാ വിനോദങ്ങളിൽ ഏർപ്പെട്ടു കഴിയുന്നു. കെട്ടഴിഞ്ഞ കുന്തളഭാരം ഇടതുകൈയിൽ താങ്ങിക്കൊണ്ട് വലതുകൈയാൽ പന്തടിച്ചു കളിക്കുക തുടങ്ങിയ കേളികളിൽ മുഴുകിയ ഉഷ ക്ഷീണിതയായി സഖിയോടൊത്തു മണിനിലയത്തിലെത്തി തളർന്നുറങ്ങിപ്പോയി. അനുരൂപനായ കാന്തനുമായി സല്ലാപത്തിനുള്ള സൗഭാഗ്യം അചിരേണ ഉണ്ടാകുമെന്ന് പാർവതീദേവി നൽകിയ വരമോർത്തുകൊണ്ട് നിദ്രാധീനയായ ഉഷയിൽ ചില ഭാവഭേദങ്ങൾ ചിത്രലേഖ കണ്ടു. രമണനെ അരികിൽ ലഭിച്ച സന്തോഷത്തോടെ സകലവും മറന്നു സ്വപ്നത്തിലാണ്ട അവൾ പെട്ടെന്നു ഞെട്ടിയുണർന്നതും പരിഭവിച്ചതും, പിന്നെ തോഴിയെ കണ്ടു വ്രീളാവതിയായതും ഒക്കെ നിരീക്ഷിച്ച് കാര്യം

മനസ്സിലാക്കിയ ചിത്രലേഖ അവളുടെ സ്വപ്നവൃത്താന്തം ആരായുന്നു. സ്വപ്നത്തിൽ വന്നു മിന്നൽ പോലെ മറഞ്ഞ തന്റെ പ്രിയതമനെ ഓർത്തു വിരഹാതുരയായ ഉഷയെ സഹായിക്കാൻ സഖി പോംവഴി ചിന്തിച്ചു. ചിത്രരചനയിൽ സമർത്ഥയായ അവൾ ഉഷയിൽ നിന്നു മനസ്സിലാക്കിയ ലക്ഷണങ്ങൾ വച്ചുകൊണ്ട് തനിക്കറിയാവുന്ന കാമോപമരൂപന്മാരായ പുരുഷന്മാരുടെ ചിത്രങ്ങൾ കാട്ടിക്കൊടുത്തു. ശ്രീകൃഷ്ണ പൗത്രനായ അനിരുദ്ധന്റെ ചിത്രം വരച്ചു കാണിച്ചപ്പോൾ പ്രാണേശ്വരനെ തിരിച്ചറിഞ്ഞ് ഉഷ അത്യധികം പ്രണയപരവശയായി. അനിരുദ്ധനെ അരികിൽ കൊണ്ടുവന്നു നൽകാമെന്ന് ഉറപ്പു നൽകി പുറപ്പെടുന്ന ചിത്രലേഖ ദ്വാരകയിൽ ചെന്ന് ഉറങ്ങിക്കിടന്നിരുന്ന അനിരുദ്ധനെ യോഗബലംകൊണ്ട് കൈയിലെടുത്ത് ഉഷയുടെ അന്തപ്പുരത്തിലെത്തിക്കുന്നു.

രംഗം 5: ഉഷയുടെ അന്തപ്പുരത്തിന്റെ കാവൽക്കാരിയായ ഒരു വൃദ്ധ ബാണാസുരന്റെ അടുത്തുചെന്ന് പുത്രിക്ക് ജാരസമാഗമ ലക്ഷണങ്ങൾ കണ്ടതായി അറിയിക്കുന്നു. ഉഷാഗൃഹത്തിൽ ഒരു പുരുഷൻ രഹസ്യമായി പാർക്കുന്നുണ്ടെന്നതിന് അവൾ തെളിവുകൾ നിരത്തുന്നു. ബാണൻ ക്രുദ്ധനായി പുത്രിക്കു ദൂഷണം ചെയ്ത വഞ്ചകനെ പോരിൽ ബന്ധിക്കുന്നുണ്ടെന്നു പറഞ്ഞു പുറപ്പെട്ട് ഉഷാഗൃഹത്തിൽ ചെന്ന് അനിരുദ്ധനെ കണ്ട് പോരിനു വിളിക്കുന്നു. പോരിനുവിളികേട്ട് അനിരുദ്ധൻ പുറപ്പെട്ടുവന്ന് ഇരുവരും യുദ്ധം ചെയ്യുന്നു. ഒടുവിൽ നാഗാസ്ത്രംകൊണ്ട് ബാണൻ അനിരുദ്ധനെ ബന്ധിച്ചു തടവറയിലാക്കുന്നു.

2024 ഫെബ്രുവരി 18 ഞായറാഴ്ച
വൈകുന്നേരം 5.30 ന്

## ദുര്യോധനവധം കഥകളി

(പഞ്ചപാണ്ഡവന്മാർ പുറപ്പാടോടുകൂടി)
(രചന: വയസ്ക്കര മൂസ്)

കലാമണ്ഡലം സോമൻ – ദുര്യോധനൻ
മാർഗി സുകുമാരൻ – ഭാനുമതി
കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ – ദുശ്ശാസനൻ 1
ഓയൂർ രാമചന്ദ്രൻ – പാഞ്ചാലി
കലാമണ്ഡലം ശ്രീരാമൻ – ധർമ്മപുത്രർ
കലാമണ്ഡലം ആഷിക് – ഭീമൻ
കലാമണ്ഡലം നവീൻ – അർജുനൻ, മുമുക്ഷു
മാർഗി അഖിൽ – നകുലൻ
മാർഗി ഗോപിക – സഹദേവൻ
മാർഗി രവീന്ദ്രൻ പിള്ള – ശകുനി
കലാനിലയം സുന്ദരൻ – ദുശ്ശാസനൻ 2
സദനം ഭാസി – ശ്രീകൃഷ്ണൻ
കലാമണ്ഡലം വൈക്കം പ്രശാന്ത് – രൗദ്രഭീമൻ

പാട്ട് : നെടുമ്പിള്ളി രാംമോഹൻ
ശ്രീരാഗ് വർമ്മ
നവീൻ രുദ്രൻ

ചെണ്ട : പ്രൊഫ. കലാമണ്ഡലം ഉണ്ണിക്കൃഷ്ണൻ
കലാനിലയം രതീഷ്
കലാമണ്ഡലം സായിനാഥ്
മേദ്ദളം : കലാമണ്ഡലം അച്ചുതവാര്യർ
ശ്രീകണ്ഠേശ്വരം മോഹനചന്ദ്രൻ
ആർ. എൽ. വി. ജിതിൻ
ചുട്ടി: മാർഗി രവീന്ദ്രൻ പിള്ള
കലാമണ്ഡലം അമൽ
കലാമണ്ഡലം ഋഷി

## കഥാസന്ദർഭം

ഖാണ്ഡവദാഹസമയത്ത് അർജ്ജുനൻ തന്നെ രക്ഷിച്ചതിന് പ്രത്യുപകാരമായി മയാസുരൻ നിർമ്മിച്ചുകൊടുത്ത രമ്യഹർമ്മ്യത്തിൽ പാണ്ഡവന്മാർ വസിക്കുന്ന കാലം. അവിടെ നടക്കുന്ന രാജസൂയത്തിൽ പങ്കെടുക്കുന്നതിനും അതിവിശിഷ്ടമായ സഭാഗൃഹം കാണുന്നതിനും ദുര്യോധനാദികൾ ഇന്ദ്രപ്രസ്ഥത്തിൽ എത്തിയിരിക്കുന്നു.

രംഗം 1: പഞ്ചപാണ്ഡവന്മാർ പുറപ്പാട്

രംഗം 2: ദുര്യോധനന്റെ തിരനോക്ക്. പാഞ്ചാലിയുടെ ഐശ്വര്യത്തിൽ അസൂയപൂണ്ട് ഭാനുമതി ദുര്യോധനനോട് സങ്കടം പറയുന്നു. പാണ്ഡവരുടെസർവ്വസ്വവും താൻ കൈക്കലാക്കുമെന്നു ഭാര്യയെ ആശ്വസിപ്പിച്ചയച്ചു.

രംഗം 3: ദുശ്ശാസനന്റെ തിരനോക്ക്. പാണ്ഡവരുടെ ഐശ്വര്യത്തിൽ അദ്ഭുതവും അസൂയയും പൂണ്ടിരിക്കുന്ന ദുര്യോധനനെ ദുശ്ശാസനൻ വന്നു കാണുന്നു. സഹോദരൻമാരെല്ലാപേരൊടുമൊത്ത് ദുര്യോധനൻ സഭാഗൃഹം കാണാൻ പുറപ്പെടുന്നു. ('സോദരന്മാരേയിതു സാദരം കണ്ടിതോ, മോദ കരമരികളുടെ മോഹനസഭാഗൃഹം').

രംഗം 4: സഭാപ്രവേശം. ധർമ്മപുത്രർ, ഭീമൻ, പാഞ്ചാലി തുടങ്ങിയവരോടു കൂടിയ സഭയിലേക്ക്, ദുര്യോധനാദികൾ സഭാഗൃഹം നോക്കിക്കണ്ടുകൊണ്ട് പ്രവേശിക്കുന്നു. ദുര്യോധനന് സ്ഥലജലഭ്രാന്തി ഉണ്ടാകുന്നു. വെള്ളത്തിൽ വീണ ദുര്യോധനനെ കണ്ട് ഭീമനും പാഞ്ചാലിയും കൈകൊട്ടിച്ചിരിച്ചു; കരകയറ്റാൻ ഭീമൻ സഹായഹസ്തം നല്കുന്നു. സ്വയം അപമാനിതനായ ദുര്യോധനൻ പകയോടെ സഹോദരൻമാരോടൊത്ത് രംഗം വിടുന്നു.

രംഗം 5: ദുര്യോധനൻ തന്റെ മാതുലനായ ശകുനിയെ ചെന്നു കണ്ട് തനിക്കുണ്ടായ അപമാനത്തെ അറിയിച്ച്, പാണ്ഡവരോട് പ്രതികാരം ചെയ്യുന്നതിന് മാർഗം ആരായുന്നു. ധർമ്മപുത്രരെ ചൂതുകളിക്കു ക്ഷണിക്കാൻ ശകുനി ഉപദേശിക്കുന്നു.

രംഗം 6 : ദുര്യോധനന്റെ ക്ഷണപ്രകാരം ധർമ്മപുത്രർ സഹോദരന്മാരോടൊത്തു വരുന്നു. ദുര്യോധനനും ശകുനിയും ധർമ്മപുത്രരെ ചൂതുകളിക്കു പ്രേരിപ്പിക്കുന്നു. ദ്യൂതം ആരംഭിക്കുന്നു. ദുര്യോധനനുവേണ്ടി ശകുനിയാണ് ധർമ്മപുത്രരെ നേരിടുന്നത്. ഭണ്ഡാഗാരവും രാജ്യവും പണയം വച്ചു കളിയിൽ തോറ്റ ധർമ്മജൻ സഹോദരന്മാരെ ഓരോരുത്തരെ പണയം വയ്ക്കുന്നു. ഒടുവിൽ "ഞാനും പത്നിയുമങ്ങനെതന്നെ നൂനം തേ പണയം" എന്നു സർവ്വവും പണയപ്പെടുത്തിയ ധർമ്മപുത്രർ നിശ്ശേഷം ദുര്യോധനനു കീഴടങ്ങുന്നു. ദുശ്ശാസനൻ പാഞ്ചാലിയെ സഭയിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്ന് വസ്ത്രാക്ഷേപത്തിനു മുതിരുന്നു. വല്ലഭന്മാർ ദാസരായി തീർന്നിരിക്കുന്ന ഈ

അവസരത്തിൽ അപമാനമോചനത്തിനായി ദ്രൗപദി കൃഷ്ണനെ പ്രാർത്ഥിച്ചു. കൃഷ്ണന്റെ സഹായം കൊണ്ട് പാഞ്ചാലിയുടെ വസ്ത്രം എത്ര അഴിച്ചിട്ടും തീരാതെ ദുശ്ശാസനൻ തളർന്നു വീണു. ശകുനി, കർണ്ണൻ, ദുശ്ശാസനൻ, ദുര്യോധനൻ എന്നിവരെ പാഞ്ചാലി ശപിക്കുന്നു. ദുര്യോധനൻ പാണ്ഡവരെ പന്ത്രണ്ടു വർഷത്തെ വനവാസത്തിനും ഒരു വർഷത്തെ അജ്ഞാതവാസത്തിനും നിയോഗിക്കുന്നു.

രംഗം 7 : വനവാസവും അജ്ഞാതവാസവും കഴിഞ്ഞിട്ടും പാണ്ഡവർക്കവകാശപ്പെട്ട രാജ്യം തിരിച്ച് നൽകാതിരുന്ന ദുര്യോധനനോട് സന്ധിസംഭാഷണത്തിനായി പുറപ്പെടുന്ന ശ്രീകൃഷ്ണനെ കണ്ട് പാഞ്ചാലി തന്റെ സങ്കടം അറിയിക്കുന്നു. പാണ്ഡവർ കൗരവരെ യുദ്ധത്തിൽ പരാജയപ്പെടുത്തി രാജ്യം വീണ്ടെടുക്കുകയാണ് വേണ്ടതെന്ന് പാഞ്ചാലി കൃഷ്ണനെ ഓർമ്മിപ്പിക്കുന്നു. കാമിതം കൈവരുമെന്നനുഗ്രഹിച്ച് കൃഷ്ണൻ യാത്രയാകുന്നു.

രംഗം 8 : ദുര്യോധനൻ, ദുശ്ശാസനൻ എന്നിവരോടുകൂടിയ കൗരവസഭയിൽ ശ്രീ കൃഷ്ണൻ സന്ധിസംഭാഷണത്തിനൊരുങ്ങുന്നു. പാണ്ഡവർക്കവകാശപ്പെട്ട പാതി രാജ്യം നൽകണമെന്ന കൃഷ്ണന്റെ അപേക്ഷ ദുര്യോധനൻ നിരസിക്കുന്നു. സൂചി കുത്താനുള്ള ഇടം പോലും പാണ്ഡവർക്ക് നൽകില്ലെന്നും പാണ്ഡവന്മാർ അന്യജാതരാണെന്നുമുള്ള ദുര്യോധനന്റെ വാക്കുകൾ കൃഷ്ണനെ ചൊടിപ്പിച്ചു. ആ വാഗ്വാദം മുറുകിയപ്പോൾ കൃഷ്ണനെ ബന്ധിക്കാൻ ദുര്യോധനൻ ദുശ്ശാസനനോട് ആജ്ഞാപിച്ചു. പക്ഷേ, പാശവുമായെത്തിയ ദുശ്ശാസനനും ദുര്യോധനനും ഭഗവാന്റെ വിശ്വരൂപം കണ്ട് ഭയമോഹിതരായി വീണു. ദുര്യോധനാദികൾ ബോധം തെളിഞ്ഞ് ഉണർന്നപ്പോഴേക്കും കൃഷ്ണൻ അപ്രത്യക്ഷനായി കഴിഞ്ഞു. ദുര്യോധനൻ കുരുക്ഷേത്ര യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി ദുശ്ശാസനനെ യുദ്ധരംഗത്തേക്കയയ്ക്കുന്നു.

രംഗം 9 : രൗദ്രഭീമൻ തിരനോട്ടം. പിന്നെ യുദ്ധരംഗത്ത് ദുശ്ശാസനനെ നേരിടുന്നു. പോരിനുവിളി. നരസിംഹത്തിന്റെ ആവേശം പൂണ്ട ഭീമൻ ദുശ്ശാസനനെ ഗദകൊണ്ടടിച്ചു വീഴ്ത്തി മാറുപിളർന്നു ചോരകുടിക്കുന്നു. പാഞ്ചാലിയെ വിളിച്ചുവരുത്തി ദുശ്ശാസനന്റെ രക്തം പുരട്ടി അവളുടെ മുടികെട്ടിക്കൊടുത്ത് സത്യം പാലിക്കുന്നു. ക്രോധാധിക്യത്താൽ ഉന്മാദാവസ്ഥയെ പ്രാപിച്ച ഭീമന്റെ മുന്നിൽ കൃഷ്ണൻ പ്രത്യക്ഷപ്പെടുന്നു. ഭഗവദ് ദർശനത്താൽ ക്രോധം നീങ്ങി ഭക്തിയിൽ മുഴുകിയ ഭീമൻ ആ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിക്കുന്നു.

2024 ഫെബ്രുവരി 19 തിങ്കളാഴ്ച
വൈകുന്നേരം 5.30 ന്

# നരകാസുരവധം കഥകളി

(രചന: കാർത്തിക തിരുനാൾ)

കലാമണ്ഡലം ആദിത്യൻ – ലളിത
കലാമണ്ഡലം അരുൺ രാജു – ജയന്തൻ
കോട്ടയ്ക്കൽ കേശവൻ കുണ്ടലായർ – നരകാസുരൻ
മാർഗി ദേവി – നരകാസുരപത്നി
കലാബോധിനി അർജുൻ ഗോപാൽ – ഇന്ദ്രൻ

പാട്ട്: കലാമണ്ഡലം വിശ്വാസ്
കലാമണ്ഡലം യശ്വന്ത്
ചെണ്ട: കലാഭാരതി ഉണ്ണിക്കൃഷ്ണൻ
കലാമണ്ഡലം ശ്രീവിൻ
മദ്ദളം: കലാമണ്ഡലം വിനീത്
കലാമണ്ഡലം അമിതേഷ്
ചുട്ടി: കലാനിലയം വിഷ്ണു

## കഥാസന്ദർഭം

മഹാഭാരതത്തിലെ ദശമസ്ക്കന്ധമാണ് അവലംബം. വരാഹാവതാരത്തിൽ മഹാവിഷ്ണുവിന് ഭൂമിദേവിയിലുണ്ടായ പുത്രനാണ് അതിശക്തിമാനും മഹാപരാക്രമിയുമായ നരകാസുരൻ. പ്രാഗ്ജ്യോതിഷപുരത്തെ രാജധാനിയിൽ വസിക്കുമ്പോൾ ഒരു ദിവസം സ്വർല്ലോകത്തുചെന്ന് ദേവസ്ത്രീകളെ അപഹരിച്ചു കൊണ്ടുവരാൻ ക്രൂരയും ഭീകരരൂപിണിയുമായ നക്രതുണ്ഡി എന്ന രാക്ഷസിയെ നരകാസുരൻ നിയോഗിച്ചു. അവൾ അവിടെയെത്തി ദേവസ്ത്രീകളെ അപഹരിച്ചു മടങ്ങുമ്പോൾ മാർഗ്ഗമദ്ധ്യേ ഇന്ദ്രപുത്രനായ ജയന്തനെ കണ്ടു. ആ പുരുഷസൗന്ദര്യവും ഗാംഭീര്യവും അവളെ കാമാർത്തയാക്കുന്നു. ജയന്തനോടു കാമാഭ്യർത്ഥന നടത്തുക തന്നെ എന്നു തീരുമാനിച്ച് അവൾ മായാശക്തിയാൽ സർവ്വാംഗ സുന്ദരിയായി ലളിത വേഷം ധരിച്ച് ജയന്തനെ സമീപിക്കുന്നു.

രംഗം 1 : ലളിത, ജയന്തൻ ദേവസ്ത്രീയാണു താനെന്നു സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ലളിത ജയന്തനോട് കാമാവേശത്തോടെ പ്രണയാഭ്യർത്ഥന നടത്തുന്നു. അനഭിമത മായ മൊഴികൾ ചൊല്ലി നിൽക്കാതെ എത്രയും വേഗം കടന്നു പൊയ്ക്കൊള്ളുവാൻ ജയന്തൻ ആജ്ഞാപിച്ചപ്പോൾ അവളുടെ ഭാവം മാറുന്നു. രോഷാകുലയായ നക്രതുണ്ഡി സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെട്ട് ജയന്തനെ ബലാൽ പിടിച്ചു കൊണ്ടുപോകുന്നതിനു മുതിരുന്നു. ഇത്രയുമായപ്പോൾ ജയന്തൻ സുരതരുണിമാരെ മോചിപ്പിക്കുകയും രാക്ഷസിയുടെ കർണ്ണനാസികാകുചങ്ങൾ ഛേദിച്ച് അപമാനിച്ചു വിടുകയം ചെയ്യുന്നു.

രംഗം 2 : പ്രാഗ്ജ്യോതിഷപുരം നരകാസുരനും പത്നിയും നരകാസുരന്റെ തിരനോക്കിനുശേഷം പതിഞ്ഞപദം. പത്നിയുമായി സല്ലപിച്ചു കൊണ്ടിരിക്കുന്ന നരകാസുരൻ പ്രചണ്ഡമായ ഏതോ ശബ്ദം കേട്ട് പത്നിയെ അന്തഃപുരത്തിലേയ്ക്കയച്ചശേഷം താൻകേട്ട ശബ്ദത്തിന്റെ കാരണം എന്തെന്നു ചിന്തിക്കുന്നു. (ഇളകിയാട്ടം) ഇത്ര ഘോരമായ ശബ്ദം എന്ത് ? പറന്നുവരുന്ന

പർവ്വതങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന ശബ്ദമാണോ ? അതോ കയറിവരുന്ന സമുദ്രത്തിലെ തിരമാലകളുടെ അലർച്ചയോ? ഹേയ് അല്ല; പിന്നെ എന്ത് ? പീഠത്തിൽ കയറിനിന്നു നോക്കുമ്പോൾ രക്തത്തിൽ കുളിച്ച് ഒരു സ്ത്രീരൂപം അലമുറയിട്ടു വരുന്നത് ദൂരെ കാണുന്നു. എന്ത് ? അവളുടെ മൂക്കും ചെവിയും മുലയും ഛേദിക്കപ്പെട്ടിരിക്കുന്നല്ലോ ! ഇതെന്തു കാഴ്ച ! ആരാണിവൾ ? എന്ത് ? താൻ സ്വർഗ്ഗത്തിലേയ്ക്ക് അയച്ച നക്രതുണ്ഡിയല്ലേ ? ഇവളോട് ഈ കടുംകൈ ചെയ്തതാരെന്ന് വർദ്ധിച്ച രോഷത്തോടെ ചിന്തിക്കുന്നു. അടുത്തെത്തിയ നക്രതുണ്ഡിയെ കണ്ടതായി നടിച്ച്, ഇന്ദ്രപുത്രനായ ജയന്തനാണ് ഇപ്രകാരം അംഗഭംഗം വരുത്തിയതെന്ന് അവളിൽ നിന്നു കേൾക്കുന്നതായി നടിച്ച് കൂടുതൽ രോഷാകുലനാകുന്നു. ജയന്തന്റെ കഴുത്തറുത്ത് രക്തം നൽകാമെന്നു പറഞ്ഞ് നക്രതുണ്ഡിയെ സമാധാനിപ്പിച്ച ശേഷം നരകാസുരൻ (പടപ്പുറപ്പാട്) ആന, തേർ, കുതിര, കാലാൾപ്പട എല്ലാം യുദ്ധസന്നദ്ധമാക്കി വിവിധതരം ആയുധജാലങ്ങളും ശേഖരിച്ച് സൈന്യസമേതം യാത്രയാകുന്നു.

രംഗം 3 : ഇന്ദ്രപുരി. നരകാസുരനും ദേവേന്ദ്രനും സ്വർഗ്ഗഭേദനം. സ്വർഗ്ഗവാതിൽ തച്ചുടച്ച്, എതിരിടുന്നവരെയെല്ലാം തോൽപ്പിച്ച്, ക്രോധാട്ടഹാസങ്ങളോടെ മുന്നേറുന്ന നരകാസുരൻ ദേവേന്ദ്രനെ പോരിനു വിളിക്കുന്നു. യുദ്ധത്തിനു തയ്യാറായി എത്തുന്ന ഇന്ദ്രന്റെ ദേഹമാസകലം ഒന്നു നോക്കിയിട്ട് നരകാസുരൻ നിന്റെ ദേഹം മുഴുവൻ ഇപ്രകാരം കണ്ണുകളുണ്ടാവാൻ കാരണമെന്തെന്നു ചോദിക്കുന്നു. ഗൗരവത്തോടെ മൗനിയായി നിൽക്കുന്ന ദേവേന്ദ്രനെ നരകാസുരൻ അഹല്യാസംഗമ കഥ പറഞ്ഞു ഭർത്സിക്കുന്നു. തുടർന്ന് ഇരുവരും തമ്മിൽ ഘോരയുദ്ധം. യുദ്ധത്തിൽ ഇന്ദ്രനെ തുരത്തി നരകാസുരൻ സ്വർഗ്ഗം ജയിക്കുന്നു. ഐരാവതത്തെ ജയിച്ച ശേഷം അദിതിയുടെ കുണ്ഡലങ്ങൾ അറുത്തെടുക്കുന്നു. കാമധേനു, കല്പവൃക്ഷം തുടങ്ങിയ ദിവ്യ വിഭവങ്ങൾ കൈക്കലാക്കിയശേഷം വിജയഭേരി മുഴക്കിക്കൊണ്ട് ദേവലോകത്തു നിന്നും മടങ്ങുന്നു.

2024 ഫെബ്രുവരി 20 ചൊവ്വാഴ്ച
വൈകുന്നേരം 5.30 ന്

# നളചരിതം മൂന്നാം ദിവസം കഥകളി

(രചന: ഉണ്ണായിവാര്യർ)

കലാമണ്ഡലം വൈശാഖ് – നളൻ
കലാമണ്ഡലം അനന്തു – കാർക്കോടകൻ
കലാമണ്ഡലം പ്രദീപ് – ബാഹുകൻ
കലാമണ്ഡലം ചിനോഷ് ബാലൻ – ഋതുപർണ്ണൻ
കലാമണ്ഡലം മിഥുൻ – ജീവലൻ
കലാമണ്ഡലം ആകാശ് – വാർഷ്ണേയൻ
കോട്ടയ്ക്കൽ പ്രദീപ് – ദമയന്തി
കലാമണ്ഡലം വെങ്കിട്ടരാമൻ – സുദേവൻ

പാട്ട്: കലാമണ്ഡലം വിനോദ്
കലാമണ്ഡലം വിശ്വാസ്
ഹരിശങ്കർ കണ്ണമംഗലം
ചെണ്ട: കലാമണ്ഡലം ബാലസുന്ദരൻ
തൃപ്പൂണിത്തുറ ഗോപീകൃഷ്ണൻ
മദ്ദളം: കലാനിലയം മനോജ്
കലാമണ്ഡലം ശ്രീഹരി
ചുട്ടി: കലാനിലയം വിഷ്ണു

## കഥാസന്ദർഭം

രംഗം 1: നളൻ കലിബാധിതനായി പുഷ്ക്കരനോട് ചൂതിൽതോററ് വനത്തെ പ്രാപിച്ച നളൻ കൂടെപ്പോന്ന ദമയന്തിയെ പെരുങ്കാട്ടിൽ ഉപേക്ഷിച്ചശേഷം വനത്തിൽ ഭ്രാന്തനെപ്പോലെ ഉഴലുന്ന കാലം. ലോകപാലന്മാരോട് തന്റെ സങ്കടങ്ങൾ പറയുന്ന നളൻ, ഭൈമീപതിദേവതയ്ക്കു ദു:ഖം വരുത്തരുതേ എന്നാണ് പ്രാർത്ഥിക്കുന്നത്. ഏറെ നാളത്തെ വനവാസം കൊണ്ടു നഗരജീവിതത്തെക്കാൾ സുഖകരമാണ് താൻ ഇപ്പോൾ നയിക്കുന്ന ജീവിതമെന്നു നളനു ക്രമേണ തോന്നുന്നു ('ഘോരവിപിനമെന്നാലെഴുപാരിതാകിൽ നഗരം........').

രംഗം 2: കാർക്കോടകൻ, നളൻ, ബാഹുകൻ കാട്ടുതീയിൽപ്പെട്ട കാർക്കോടകന്റെ വിലാപം. അഗ്നിയുടെ വരബലമുള്ള നളൻ കാട്ടുതീയിൽ കടന്ന് തന്റെ സ്പർശം കൊണ്ട് അഴലകറ്റിയശേഷം പരമാർത്ഥമാരായുന്നു. തന്നെ എടുത്തുകൊണ്ടു തീയ്ക്കു പുറത്തേക്കു കടക്കാൻ കാർക്കോടകൻ നളനോടാവശ്യപ്പെടുന്നു. അങ്ങനെ കാർക്കോടകനെ എടുത്തുകൊണ്ടു പുറത്തു കടക്കവേ ആ സർപ്പം നളനെ ആഞ്ഞു കൊത്തി. (നളൻ മാറി ബാഹുകൻ പ്രവേശിച്ചശേഷം) അംഗവൈകൃതം സംഭവിച്ച നളനോട് കാർക്കോടകൻ തന്റെ ദിവ്യത്വവും, നളനെ ബാധിച്ചിരിക്കുന്ന കലി നീങ്ങുന്നതിനാണ് താൻ ദംശിച്ചതെന്ന പരമാർത്ഥവും വെളിപ്പെടുത്തുന്നു. ബാഹുകൻ കാർക്കോടകനെ വണങ്ങി ('കാദ്രവേയകുലതിലക.....'). ബാഹുകൻ എന്ന പുതിയ നാമത്തെ ധരിച്ച നളൻ, കാർക്കോടകന്റെ ഉപദേശപ്രകാരം, തന്നെ ബാധിച്ചിരിക്കുന്ന കലി

നിശ്ശേഷം നീങ്ങുന്നതിന് അക്ഷഹൃദയവിദ്യ വശമാക്കാൻ, അയോദ്ധ്യാധിപതിയായ ഋതുപർണ്ണനെ ചെന്നു കണ്ട് അദ്ദേഹത്തിന്റെ സാരഥിയായി ജീവിക്കാൻ നിശ്ചയിച്ച് യാത്രയാകുന്നു. വളരെ ദിവസം സഞ്ചരിച്ച് അയോധ്യയിലെത്തിച്ചേരുന്നു.

രംഗം 3: ബാഹുകൻ, ഋതുപർണ്ണൻ, ജീവലൻ, വാർഷ്ണേയൻ ബാഹുകൻ ഋതുപർണ്ണ രാജസദസ്സിൽ പ്രവേശിക്കുന്നു. ഋതുപർണ്ണന്റെ അടുത്ത് ജീവലനും വാർഷ്ണേയനും ഉണ്ട്. ഇവരിൽ വാർഷ്ണേയൻ പണ്ട് നളന്റെ സാരഥി ആയിരുന്നു. ഋതുപർണ്ണനും വാർഷ്ണേയനും തന്നെ തിരിച്ചറിയുന്നില്ല എന്നു മനസ്സിലാക്കിയിട്ട് ബാഹുകൻ രാജാവിനെ കീർത്തിച്ച് വന്ദിച്ചശേഷം സൂത വൃത്തിയിലും പാകവൃത്തിയിലും തനിക്കുള്ളതായ കഴിവുകൾ വിവരിക്കുന്നു. ബാഹുകനെ ഈ രണ്ടു ജോലിയിലും നിയമിച്ചുകൊണ്ട് ഋതുപർണ്ണൻ സ്നേഹ വാത്സല്യങ്ങളോടെ അയാളെ തന്റെ ഭൃത്യനായി സ്വീകരിക്കുന്നു. ഭൃത്യന്മാരായ ജീവലവാർഷ്ണേയൻമാരുടെ ഗൃഹത്തിൽത്തന്നെ 'നളമഹാരാജാ'വിനും പാർപ്പിടം ലഭിച്ചു.

രംഗം 4: ബാഹുകൻ, ജീവലൻ, വാർഷ്ണേയൻ ഇപ്രകാരം ജീവലവാർഷ്ണേയൻമാരുടെ ഗൃഹത്തിൽ, സ്വന്തംരൂപം മറച്ച് രാജഭൃത്യനായി കഴിയുന്ന നളൻ, രാത്രികാലങ്ങളിൽ ദമയന്തിയെ ഓർത്ത് വിലപിക്കുക പതിവായിരുന്നു. വിജനമായ ഘോരകാന്താരത്തിൽ ഭർത്തൃപരിത്യക്തയായ അവൾക്ക് എന്തു സംഭവിച്ചിരിക്കാം എന്ന ഭയാശങ്കകൾ കൊണ്ടു കലുഷമായ നളഹൃദയത്തിൽ നിന്ന് തീവ്രദു:ഖാകുലമായ ഒരു വിലാപഗീതം ('വിജനേ ബത മഹതി വിപിനേ........') പുറപ്പെട്ടു. ഇതുകേട്ടുണർന്ന ജീവലൻ 'അവളേതൊരു കാമിനി?' എന്ന് ബാഹുകനോടു ചോദിച്ചപ്പോൾ താൻ നിർമ്മിച്ച ഒരു പാട്ടാണു പാടിയതെന്നും, വനത്തിൽവച്ചു ഭാര്യയെ പിരിയാനിടയായ ഒരുവന്റെ കഥയാണതെന്നും പറയുന്നു.

രംഗം 5: സുദേവൻ, ദമയന്തി നളനെ ഇങ്ങു വരുത്താനുള്ള ഒരുപായവുമായി അയോദ്ധ്യയിൽ പോയി വരാൻ ദമയന്തി സുദേവനെ നിയോഗിക്കുന്നു. ('കരണീയം ഞാനൊന്നു ചൊല്ലുവൻ, കേൾക്ക സുദേവ.....'). സുദേവൻ പണ്ടു ചെയ്ത സഹായത്തെ അവൾ സ്മരിക്കുന്നു. ഇനി നളനെ ഇവിടെ വരുത്തുന്നതിന്, തനിക്ക് പുനർവിവാഹം നിശ്ചയിച്ചിരിക്കുന്നു എന്നൊരു വാർത്ത ഋതുപർണ്ണ രാജസദസ്സിൽ പോയി ഉണർത്തിക്കണം. സ്നേഹ ശീലനും തരളഹൃദയനുമായ സുദേവൻ അത്യധികമായ ഉത്സാഹത്തോടെ ഉടൻ പുറപ്പെടാൻ തയ്യാറാകുന്നു. ('യാമിയാമി ഭൈമി കാമിതം ശീഘ്രം സാധയിഷ്യാമി, സാമി സാധിതം മയാ.....').

രംഗം 6: സുദേവൻ, ഋതുപർണ്ണൻ, വാർഷ്ണേയൻ, ബാഹുകൻ ദ്വിത്രിദിന പ്രാപ്യമായ സാകേതത്തിൽ സുദേവൻ അതിവേഗം എത്തിച്ചേർന്ന്, ഋതുപർണ്ണനെ മുഖം കാണിച്ച് ആ രാജപുംഗവന്റെ മനസ്സിളകുമാറ്, വചോവിലാസത്തോടെ, ദമയന്തിയുടെ രണ്ടാംവേളി നാളെ നടക്കാൻ പോകുന്നു എന്ന് അറിയിച്ചു. ബാഹുകൻ കേൾക്കെയാണ് സുദേവൻ ഇതു പറയുന്നത്. "ഭ്രാന്തുപിടിപെട്ട നളനാൽ പരിത്യക്തയായ ദമയന്തി തന്റെ സ്വച്ഛന്ദ രതിക്രീഡകൾക്കുവേണ്ടി മറ്റൊരു പുരുഷനെ വരിക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഇന്നു നടത്താനിരുന്ന സ്വയംവരം, ഒരാൾ എത്തിച്ചേരാഞ്ഞതുകൊണ്ട് നാളെത്തേക്കു മാറ്റിവച്ചിരിക്കുന്നു" എന്നെല്ലാമുള്ള സുദേവന്റെ വാക്കുകൾ ബാഹുക ഹൃദയത്തെ വല്ലാതെ ഉലച്ചു. ഇന്നന്തിയാംമുമ്പേ എങ്ങനെയും കുണ്ഡിനത്തിലെത്തണമെന്ന ആഗ്രഹമാണ് ചപലകാമുകനായ ഋതുപർണ്ണനിൽ ഈ വാക്കുകൾ ഉളവാക്കിയത്. (സുദേവൻ പോയി). ഋതുപർണ്ണൻ ബാഹുകനെ അരികിൽ വിളിച്ച് ഇന്ന് സൂര്യനസ്തമിക്കുംമുമ്പ് കുണ്ഡിനത്തിലെത്തണമെന്ന് രാജാവിന്റെ നിലവിട്ട് ദൈന്യത്തോടെ

അപേക്ഷിക്കുന്നു. താനൊരാൾ എത്തിച്ചേരാത്തതു കൊണ്ടാണ് സ്വയംവരം നാളെത്തേക്കു മാറ്റിവെച്ചതെന്നും ഇത്തവണ ദമയന്തിയെ തനിക്കു ലഭിക്കുമെന്നും, അതിനു നിന്റെ സഹായം വേണമെന്നും ബാഹുകനോടു പറഞ്ഞിട്ട് ഋതുപർണ്ണൻ മാറുന്നു. ബാഹുകനാകട്ടെ ഇതെല്ലാം കേട്ടു തളർന്നു. 'മറിമാൻകണ്ണിമൗലിയുടെ മറിവാർക്കിതറിയാം' എന്നാരംഭിക്കുന്ന ബാഹുകന്റെ വിലാപചിന്ത. എന്തുതന്നെയായാലും ദമയന്തിയുടെ മനസ്സ് അപഥത്തിൽ സഞ്ചരിക്കുകയില്ല എന്ന വിശ്വാസത്തിൽ ഉപസംഹരിച്ചിട്ട്, കുണ്ഡിനത്തിലേക്ക് ഋതുപർണ്ണനെയും കൊണ്ട് പുറപ്പെടാൻ തീരുമാനിക്കുന്നു. ഋതുപർണ്ണനെയും വാർഷ്ണേയനേയും തേരിൽ കയറ്റി അതിവേഗം തേർ തെളിക്കുന്നു

2024 ഫെബ്രുവരി 21 ബുധനാഴ്ച
വൈകുന്നേരം 5.30 ന്

## ദക്ഷയാഗം കഥകളി

(രചന : ഇരയിമ്മൻതമ്പി)

കലാമണ്ഡലം ശ്രീകുമാർ – ദക്ഷൻ 1
മാർഗി വിഷ്ണുമോൻ – വേദവല്ലി
മാർഗി ജിഷ്ണുരവി – സതി
മാർഗി രാജശേഖരൻ – വൃദ്ധബ്രാഹ്മണൻ, ഭദ്രകാളി
മാർഗി അതുൽ – ശിവൻ
മാർഗി പാർവതി – ഇന്ദ്രൻ
കലാമണ്ഡലം (മാർഗി) ബാലസുബ്രഹ്മണ്യൻ – ദക്ഷൻ 2
അർജുൻ ബാലസുബ്രഹ്മണ്യൻ – ദധീചി
മാർഗി സുരേഷ് – വീരഭദ്രൻ
മാർഗി കൈലാസ് നാഥ് – ഭൂതഗണം
മാർഗി അഖിൽ – ഭൂതഗണം
അർജുൻ ഗോപാൽ – പൂജ ബ്രാഹ്മണൻ

| | |
|---|---|
| പാട്ട്: | കോട്ടയ്ക്കൽ നാരായണൻ |
| | കലാമണ്ഡലം രാമനാഥൻ |
| | ഡി ജയദേവൻ |
| ചെണ്ട: | മാർഗി വേണുഗോപാൽ |
| | മാർഗി സായി കൃഷ്ണ |
| മദ്ദളം: | മാർഗി രവീന്ദ്രൻ |
| | കലാമണ്ഡലം അജികൃഷ്ണൻ |
| ചുട്ടി: | മാർഗി രവീന്ദ്രൻപിള്ള |
| | കലാമണ്ഡലം വൈശാഖ് |
| | കലാമണ്ഡലം സുധീഷ് |

## കഥാസന്ദർഭം

രംഗം 1: പ്രഭാതസ്നാനത്തിനായി കാളിന്ദീതീരത്തെത്തുന്ന ദക്ഷൻ സ്വപത്നിയുടെ കൈ കോർത്തുപിടിച്ചു പ്രവേശിക്കുന്നു. കാളിന്ദീനദിയും പരിസരവും നോക്കിക്കണ്ട് വിസ്മയം നടിച്ച് കാളിന്ദിയെ വർണ്ണിച്ചുകൊണ്ടുള്ള പദം. പെട്ടെന്ന് നദിയിൽ ഒരു താമരയിലയിൽ ശരദിന്ദുകാന്തിയുള്ള ഒരു ശംഖ് കാണുന്നു. കൗതുകം പൂണ്ട ദക്ഷൻ പത്നിയുടെ കൈപിടിച്ച് ജലത്തിൽ മുങ്ങിയിട്ട്, മുന്നോട്ടു വന്ന് ശംഖ് കൈയിലെടുക്കുന്നു. അടുത്ത നിമിഷം ആ ശംഖ് ഒരു കന്യകാരൂപമായി മാറി. തനിക്കുണ്ടായ വിശിഷ്ട സന്താനലാഭത്തിൽ സന്തോഷിച്ച് ആ ശിശുവിനു സ്തനം നല്കാൻ ഭാര്യയോട് പറയുന്നു. വളരെ പുത്രിമാരുണ്ടെന്നാകിലും ഈ ശിശുവിനോട് തോന്നുന്നത്ര വാത്സല്യം തനിക്ക് ആരിലും തോന്നിയിട്ടില്ലെന്നു പറഞ്ഞ് വേദവല്ലി കുഞ്ഞിനെ ലാളിക്കുന്നു. ദക്ഷപുത്രിയായി വളർന്ന സതി ബാല്യം മുതല്ക്കേ ശിവനെ ഭർത്താവായി ലഭിക്കാൻ തപസ്സനുഷ്ഠിച്ചു പോന്നു. മകളുടെ ആഗ്രഹത്തെ ദക്ഷനും അനുകൂലിച്ചു.

രംഗം 2: സതിയുടെ തപസ്സ്. 'ശ്രീനിലകണ്ഠ!' എന്ന സ്തുതിയുടെ അവസാനം, സതിയുടെ പ്രേമത്തെ പരീക്ഷിക്കാനായി ശിവൻ വൃദ്ധബ്രാഹ്മണന്റെ രൂപത്തിൽ പ്രവേശിച്ച് അവളുടെ ഇംഗിതം ചോദിച്ചറിഞ്ഞിട്ട് ശിവനെ വളരെ നിന്ദിച്ചു സംസാരിക്കുന്നു. ഈശ്വര ദൂഷണാലാപം കേട്ട് സതി പിന്തിരിഞ്ഞു പോകാൻ ഭാവിച്ചപ്പോൾ ശിവൻ സ്വരൂപത്തിൽ പ്രത്യക്ഷനായി അവളുടെ പ്രേമത്തെ അനുകൂലിച്ചിട്ട് മറയുന്നു.

രംഗം 3: ദണ്ഡകം. ഏണാങ്കമൗലിയുടെ ചേണാർന്ന രൂപംകണ്ട് സന്തുഷ്ടയായ സതിയുടെ വിവാഹം നടത്താൻ ദക്ഷൻ നിശ്ചയിക്കുന്നു. ഇന്ദ്രന്റെയും മറ്റും സാന്നിദ്ധ്യത്തിൽ വിവാഹം നടക്കുന്നു.

രഗം 4: ദക്ഷനോടു പറയാതെയാണ് ശിവൻ സതിയെ വന്നു കൂട്ടിക്കൊണ്ടു കൈലാസത്തിലേക്കു പോയത്. ഇതിൽ കുപിതനായ ദക്ഷൻ തനിക്കു നേരിട്ട അപമാനത്തെപ്പറ്റി ഇന്ദ്രനോടു പറയുന്നു. പരിപാകവും അഭിമാനവും ലൗകിക പദവിയുമില്ലാത്ത ശിവന്റെ സ്വഭാവം അറിയാതെ മകളെ അയാൾക്കുനല്കിയ തനുചിതമായി. ദേവന്മാരുടെ വാക്കിനെ വിശ്വസിച്ചാണ് ഞാനിതു ചെയ്തത്. വിവാഹം കഴിഞ്ഞു കടന്നു കളഞ്ഞ ഇവന്റെ ജാതി എന്തെന്നാർക്കറിയാം. ബന്ധുക്കളില്ലാത്തവൻ, ആരിലും മമത ഇല്ലാത്തവൻഎന്നെല്ലാം ദക്ഷൻ ശിവനെ നിന്ദിച്ചതു കേട്ട് ഇന്ദ്രൻ ശിവനിന്ദനം ബഹുദുരിതങ്ങളുണ്ടാക്കുമെന്നും ആകയാൽ ശിവനെ ചെന്നു കാണണമെന്നും ഉപദേശിക്കുന്നു. (ഇന്ദ്രന്റെ നിർദ്ദേശ പ്രകാരം ശിവനെ കാണാൻ കൈലാസത്തിൽ ചെന്ന ദക്ഷന് കാവൽക്കാരനായ നന്ദികേശ്വരനാൽ നിന്ദിതനായി മടങ്ങിപ്പോരേണ്ടിവന്നു.)

രംഗം 5: കൂടുതൽ അപമാനഭാരത്തോടെ മടങ്ങിവന്ന ദക്ഷൻ, അഷ്ടമൂർത്തികളിലൊരാളായ ശിവനെ ക്ഷണിക്കാതെ ഒരു യജ്ഞോത്സവത്തിനൊരുക്കം കൂട്ടുന്നു. ശിവനെ ക്ഷണിക്കാഞ്ഞതുമൂലം നാരദാദിമുനിമാർ പലരും യാഗത്തിൽ സംബന്ധിച്ചില്ല. എന്തായാലും താമസശീലനായ പരമശിവന് താൻ ഈ യാഗത്തിന്റെ ഹവിർഭാഗം നല്കില്ലെന്ന് ദധീചി എന്ന മുനിയോട് ദക്ഷൻ തീർത്തു പറയുന്നു. മഹേശനെ മാനിക്കുന്നതാണ് നല്ലതെന്നും; ശിവനെ അപമാനിച്ചാൽ യാഗം മുടങ്ങുമെന്നും താക്കീതു ചെയ്തിട്ട് ദധീചി മറയുന്നു.

രംഗം 6: അച്ഛൻ നടത്തുന്ന യാഗോത്സവത്തിൽ സംബന്ധിക്കാൻ കൗതുകം പൂണ്ട സതി ശിവനോട് പിതൃഗൃഹത്തിൽ പോകാൻ അനുമതി ചോദിക്കുന്നു. യാഗശാലയിൽ പരസ്യമായി നീ അപമാനിതയാകും; ആകയാൽ പോകരുത് എന്ന ശിവന്റെ

വിലക്കു വകവയ്ക്കാതെ വീണ്ടും പലപാട് അനുവാദം ചോദിച്ചിട്ടും അനുകൂലനാകാതിരുന്ന പതിയെ വന്ദിച്ച് സതി പിതൃഗൃഹത്തിലേക്ക് യാത്രയാകുന്നു.

രംഗം 7: യാഗശാലയിൽ പ്രവേശിക്കുന്ന സതി സഹോദരിമാരേയും മറ്റും കണ്ട് സന്തുഷ്ടയായി മുന്നോട്ടുനീങ്ങുമ്പോൾ ദക്ഷൻ ക്രുദ്ധനായി പ്രവേശിച്ച് തടയുന്നു. 'യാഗശാലയിൽ നിന്നു പോക ജവാൽ ഭൂതേശദയിതേ' എന്ന പദം. അഷ്ടമൂർത്തിയെ നിന്ദ ചെയ്യുന്നതു പാപമാണെന്ന് സതി ദക്ഷനെ ഉപദേശിക്കുന്നു. സ്നേഹത്തിനായി യാചിച്ച മകളെ ദക്ഷൻ ആട്ടിപ്പുറത്താക്കുന്നു.

രംഗം 8: പിതാവിനാൽ അപമാനിതയായി മടങ്ങി വന്ന സതി ഭർത്താവിന്റെ കാല്ക്കൽ വീണു മാപ്പുചോദിച്ചിട്ട് ദക്ഷനെ കൊല്ലാൻ താമസിക്കരുതെന്നപേക്ഷിക്കുന്നു. ശിവൻ സതിയെ സാന്ത്വനപ്പെടുത്തിയിട്ട് നെറ്റിക്കണ്ണിൽ നിന്നു വീരഭദ്രനെ സൃഷ്ടിക്കുന്നു. സതിയിൽ നിന്ന് ഭദ്രകാളിയും ആവിർഭവിച്ചു. വീരഭദ്രന്റെയും ഭദ്രകാളിയുടെയും തിരനോട്ടം കഴിഞ്ഞ് ദക്ഷനെ വധിക്കാൻ ശിവൻ അവരെ നിയോഗിക്കുന്നു.

രംഗം 9: യാഗശാല: പുരോഹിതന്മാർ ചെയ്യുന്ന യാഗത്തിന് അദ്ധ്യക്ഷനായിരിക്കുന്ന ദക്ഷൻ വീരഭദ്രാദികളുടെ വരവിന്റെ അട്ടഹാസം കേൾക്കുന്നു. യുദ്ധസന്നദ്ധരായി പ്രവേശിക്കുന്ന അവരെ ദക്ഷൻ തടയുന്നു. വീരഭദ്രൻ ശിവന്റെ യാഗഭാഗം ചോദിക്കുന്നു. കൊടുക്കുകയില്ലെന്നു ദക്ഷന്റെ മറുപടി. വീരഭദ്രൻ യാഗശാല തല്ലിത്തകർത്ത് അവസാനം ദക്ഷന്റെ തല അറുത്ത് രക്തം ഭദ്രകാളിക്കു നല്കിയിട്ട് തല യാഗാഗ്നിയിൽ ഹോമിച്ച ശേഷം രംഗം വിടുന്നു. ശിവൻ പ്രത്യക്ഷപ്പെട്ട് ആടിന്റെ ശിരസ്സുവച്ച് ദക്ഷന് പുനർജന്മം നല്കി, യാഗം പൂർത്തിയാക്കുന്നു. ദക്ഷന്റെ ശിവസ്തുതിയോടെ കഥ അവസാനിക്കുന്നു.

## ചമയം

നെടുമുടി മധുസൂദനപ്പണിക്കർ
പള്ളിപ്പുറം ഉണ്ണികൃഷ്ണൻ
കോലിയക്കോട് വേണുഗോപാൽ
മാർഗി ജോബി
മാർഗി അനിരുദ്ധൻ
സദനം സജു
കലാബോധിനി അശ്വിൻ

## കളിയോഗം

സന്ദർശൻ കഥകളി വിദ്യാലയം, അമ്പലപ്പുഴ.
കലാബോധിനി കഥകളി വിദ്യാലയം, ആനാട്

കഥകളിമേള 2024





kerala
God's Own Country

കേരള സർക്കാർ

ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം, പാർക്ക് വ്യൂ,
തിരുവനന്തപുരം 695033
ഫോൺ: +91-471-2321132, +91-471-2560426
ഇമെയിൽ: marketing@keralatourism.org
വെബ്സൈറ്റ്: www.keralatourism.org